**പതിനാലാം കേരള നിയമസഭ**
**പത്തൊമ്പതാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം.251** 13.03.2020-ലെ മറുപടിക്ക്

**'മിച്ചഭൂമിയിലെ വിലപിടിപ്പുള്ള വസ്തുക്കൾ സംരക്ഷിക്കാൻ നടപടി'**

**ചോദ്യം**
**ശ്രീ. പി.കെ.ബഷീർ**
**ശ്രീ.മഞ്ഞളാംകുഴി അലി**
**ഡോ.എം.കെ.മുനീർ**
**ശ്രീ.വി.കെ.ഇബ്രാഹിം കുഞ്ഞ്**

**മറുപടി**
**ശ്രീ.ഇ.ചന്ദ്രശേഖരൻ**
**(റവന്യൂവും ഭവനനിർമ്മാണവും വകുപ്പ് മന്ത്രി)**

| | | | |
|---|---|---|---|
| (എ) | റവന്യൂ വകുപ്പ് ഏറ്റെടുത്ത മിച്ചഭൂമിയിലെ വിലപിടിപ്പുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിന് എന്തെല്ലാം നടപടികൾ സ്വീകരിച്ചിട്ടുണ്ട്; അറിയിക്കാമോ; | (എ) | റവന്യൂ വകുപ്പ് ഏറ്റെടുത്ത മിച്ചഭൂമിയിലെ വിലപിടുപ്പുള്ള വസ്തുക്കൾ സംരക്ഷിക്കുന്നതിനായി 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 86(6), 98, 122 വകുപ്പുകൾ പ്രകാരവും, 1970-ലെ കേരള ഭൂപരിഷ്കരണ (പരിധി) ചട്ടങ്ങളിലെ 25, 26 എന്നീ ചട്ടങ്ങൾ പ്രകാരവും നടപടികൾ സ്വീകരിച്ചുവരുന്നു. |
| (ബി) | ഇത്തരം വസ്തുക്കൾ യഥാവിധി സംരക്ഷിക്കാത്തതുകാരണം ഇവ കൈക്കലാക്കപ്പെടുകയോ നശിപ്പിക്കപ്പെടുകയോ ചെയ്യുന്ന സംഭവങ്ങൾ ഉണ്ടാകാറുണ്ടെന്നത് ഗൗരവമായി കാണുന്നുണ്ടോ; വ്യക്തമാക്കാമോ; | (ബി) | ഇത്തരം സംഭവങ്ങൾ ശ്രദ്ധയിൽപ്പെടുന്ന പക്ഷം കർശന നിയമാനുസൃത നടപടികൾ ബന്ധപ്പെട്ട ജില്ലാകളക്ടർ മുഖാന്തിരം സ്വീകരിക്കുന്നതാണ്. |
| (സി) | ഇത്തരം വസ്തുക്കൾ തിട്ടപ്പെടുത്തി സംരക്ഷിക്കുന്നതിന് നടപടി സ്വീകരിക്കുമോ എന്ന് അറിയിക്കാമോ? | (സി) | 1963-ലെ കേരള ഭൂപരിഷ്കരണ നിയമത്തിലെ 86-ാം വകുപ്പ് പ്രകാരം മിച്ചഭൂമി ഏറ്റെടുക്കുന്ന വേളയിൽ 1970-ലെ കേരള ഭൂപരിഷ്കരണ (പരിധി) ചട്ടങ്ങളിലെ, ചട്ടം 22 അനുശാസിക്കും പ്രകാരം ഉള്ള മഹസറും സ്കെച്ചും തയ്യാറാക്കിയാണ് ഏറ്റെടുക്കുന്നത്. പ്രസ്തുത മഹസറിൽ ഏറ്റെടുക്കുന്ന ഭൂമിയുടെ ശരിയായ വിവരണവും വിലപിടിപ്പുള്ള വസ്തുക്കൾ, ചമയങ്ങൾ എന്നിവയുണ്ടെങ്കിൽ അവയുടെ വിവരണവും കുടികിടപ്പുകാരുണ്ടെങ്കിൽ അവരുടെ പേരും, മേൽ വിലാസവും മറ്റു വിവരങ്ങളും രേഖപ്പെടുത്തിയിട്ടുണ്ടാകും. ആയതിനാൽ അത്തരം വസ്തുക്കളുടെ സംരക്ഷണവും ഉറപ്പു വരുത്തുവാൻ സാധിക്കുന്നതാണ്. |

**സെക്ഷൻ ഓഫീസർ**